സാഹിത്യവാരഫലം

1984/07/15 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1984/07/15-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

മാധവിക്കുട്ടിയുടെ "എന്റെ കഥ" മലയാളനാട്ട് വാരികയിൽ പരസ്യപ്പെടുത്തിയിരുന്ന കാലം. അതു വായിച്ച കോളേജിലെ പെൺകുട്ടികൾ കൈമെയ് മറന്നു നടന്ന കാലം. അക്കാലത്ത് ഈ ലേഖകൻ എറണാകുളത്തു വച്ചു ചേർന്ന ഒരു സമ്മേളനത്തിൽ പ്രസംഗിക്കാൻ പോയി. അദ്ധ്യക്ഷനായിരുന്ന എന്നെ നോക്കി സുന്ദരിയും തരുണിയുമായ ഒരു പ്രാസംഗിക വീറോടെ പറഞ്ഞു: "ഞങ്ങൾ പെൺകുട്ടികൾ മാധവിക്കുട്ടിയുടെ ആത്മകഥ വായിക്കുന്നവരാണ്. ഏതും ഞങ്ങളിനി പച്ചയായി പറയും, എഴുതും. പക്ഷേ, പുരുഷന്മാരായ നിങ്ങളൊന്നു മനസ്സിലാക്കണം. ഞങ്ങളെ നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോഴെല്ലാം ...നു കിട്ടുമെന്നു വിചാരിക്കരുത്. (മൂന്നക്ഷരമുള്ള സംസ്കൃതപദം. ഇംഗ്ലീഷിൽ നാലക്ഷരമാണതിന്.) ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ഞാനും ഇരുപതു വയസ്സുകാരിയായ ആ പ്രാസംഗികയും തമ്മിലുള്ള വയസ്സിന്റെ അന്തരമോർത്തു മാത്രമല്ല ഞെട്ടൽ. പെണ്ണുങ്ങൾ വൾഗറായാൽ ഏതു നിലയില്ലുള്ള വൾഗാറിറ്റി വരെ ചെല്ലുമെന്ന് ആലോചിച്ചുണ്ടായ ഞെട്ടലും കൂടിയായിരുന്നു അത്.

ഈ സംഭവത്തിനു ശേഷം ഒരാഴ്ച കഴിഞ്ഞ് തിരുവനന്തപുരത്തുവച്ചുള്ള ഒരു 'കഥാസായാഹ്ന'ത്തിൽ പങ്കുകൊള്ളേണ്ടതായി വന്നു എനിക്ക്. സ്റ്റുഡെന്റ്സ് സെന്ററിൽ വച്ചാണ് മീറ്റിങ്. അവിടെ വായിക്കേണ്ട കഥകൾ നേരത്തെ എന്നെ ഏല്പിച്ചിരുന്നു പ്രവർത്തകർ. ഒരു കഥ പെൺകുട്ടി എഴുതിയതാണ്. അതു വായിച്ചപ്പോഴും ഞാൻ വല്ലായ്മയിൽ വീണു. വാക്യങ്ങൾ മറന്നു പോയിരിക്കുന്നു. ആശയം മാത്രം ആവിഷ്കരിക്കാം. "അയാൾ അവളെ ചെയ്ത സമയത്ത് മുണ്ട് അഴിഞ്ഞു വീണിരുന്നു ...നു ശേഷം അയാൾ എഴുന്നേറ്റ് മുണ്ടെടുത്ത് ഉടുത്തുകൊണ്ട് അങ്ങു നടന്നു പോയി". പെൺകുട്ടിക്ക് കഥ വായിക്കേണ്ട സമയമായി. ഞാൻ പേരുവിളിച്ചു. ആ ഭാഗം വായിക്കാൻ അവൾ ധൈര്യപ്പെടുകയില്ലെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ, ഞാനെത്ര ഭോഷൻ! ആ കുട്ടി കഥ മുഴുവനും വായിച്ചു. മേല്പറഞ്ഞ ഭാഗം ഊന്നൽ കൊടുത്തു വായിച്ചു. ആ സമയത്ത് അതിരറ്റ സന്തോഷത്തോടു കൂടിയുള്ള കൈയടി യുവാക്കന്മാരേറെയുള്ള സദസ്സിൽ നിന്ന് ഉണ്ടായി. ഞാൻ ഞെട്ടിക്കൊണ്ടു കസേരയിൽ ഇരുന്നു. പിന്നെ ധർമ്മരോഷത്തിന്റെ പേരിൽ, പെൺകുട്ടിയുടെ ഈ സാഹസികൃത്യത്തെ ഞാൻ വിമർശിച്ചു പത്രത്തിലെഴുതി. അതിന്റെ ദോഷം അനുഭവിക്കുകയും ചെയ്തു. സദസ്സിൽ കഥ വായിച്ച പെൺകുട്ടിയുടെ അച്ഛൻ... സെക്രട്ടേറിയറ്റിൽ സെക്രട്ടറിയായിരുന്നു. പ്രോവിഡന്റ് ഫണ്ടിൽ നിന്ന് നോൺ റിഫണ്ടബിൾ ലോണിന് ഞാൻ അപേക്ഷ അയച്ചപ്പോൾ ചികിത്സയ്ക്ക് അത്രയും പണം ആവശ്യമില്ലെന്ന് കല്പന പുറപ്പെടുവിച്ച് അദ്ദേഹം അതു തള്ളിക്കളഞ്ഞു. എന്റെ ഒരു ബന്ധു അദ്ദേഹത്തെക്കണ്ടു സംസാരിച്ചപ്പോൾ "അയാൾ എന്റെ മകളുടെ കഥ കൊള്ളുകയില്ലെന്ന് എഴുതിയവനാണ്. ലോൺ കൊടുക്കുകയില്ല," എന്നു മറുപടി പറഞ്ഞു. എനിക്ക് അദ്ദേഹം പെൻഷൻ പറ്റുന്നതുവരെ പ്രോവിഡന്റ് ഫണ്ടിൽനിന്നു ലോൺ കിട്ടിയിട്ടുമില്ല.



പോളണ്ടിൽ ജനിച്ച ഇംഗ്ലീഷ് എഴുത്തുകാരൻ ഈസാക്ക് ഡൊയ്ച്ചർ (Issac Deutscher) ട്രൊട്സ്കിയുടെ ജീവചരിത്രമെഴുതിയിട്ടുണ്ട് (The Prophet Armed, The Prophet Unarmed, The Prophet Outcast). അത്യുജ്ജ്വലമായ ഈ ഗ്രന്ഥത്തിൽ മഹാനായ ട്രൊട്സ്കിയെ വധിച്ചതെങ്ങനെയെന്ന് വിവരിക്കുന്ന ഭാഗം വായിച്ചാൽ നമ്മൾ ത്രസിച്ചിരുന്നു പോകും. വധകർത്താവ് പലപ്പോഴും താനെഴുതിയ പ്രബന്ധവുമായി അദ്ദേഹത്തെ കാണാൻ വന്നിട്ടുണ്ട്. അന്നത്തെ ദിവസം ഓവർകോട്ടിനകത്ത് ഒരു ഐസ് ആക്സ് ഒളിച്ചു വച്ചുകൊണ്ടാണ് അയാൾ എത്തിയത്. ട്രൊട്സ്കി സൗജന്യമാധുര്യത്തോടുകൂടി പ്രബന്ധം വായിക്കാൻ തുടങ്ങി. വധകർത്താവ് ആക്സെടുത്ത് അദ്ദേഹത്തിന്റെ തലയിൽ ആഞ്ഞടിച്ചു. ഹാ ഹാ ഹാ ഹാ... എന്നു വിളിച്ചുകൊണ്ട് ആ മഹാൻ താഴെ വീണു. ട്രൊട്സ്കിയുടെ നിലവിളി തന്റെ അന്തരംഗത്തെ പിളർന്നുവെന്നും താൻ ഒരിക്കലും അതു മറക്കുകയില്ലെന്നും അയാൾ പിന്നീട് പൊലീസിനോടു പറഞ്ഞു. ദസ്തെയെവ്സ്കിയുടെ "കുറ്റവും ശിക്ഷയും" എന്ന നോവലിൽ റസ്കൽ നിക്കഫ് പണം കടം കൊടുക്കുന്ന വൃദ്ധയെ കൊന്നതെങ്ങനെയെന്ന് ഓർമ്മയില്ലേ? ഓവർകോട്ടിനകത്ത് കോടാലി വച്ചുകൊണ്ട് അയാൾ കിഴവിയെ കാണാനെത്തി. ഒരു തടിക്കഷണം പൊതിഞ്ഞു നൂലുകൊണ്ട് കെട്ടിക്കൊണ്ടാണ് അയാൾ ചെന്നത്. വാച്ചാണ് അതെന്ന് അറിയിച്ച് അയാൾ ആ പൊതി വൃദ്ധയെ ഏല്പിച്ചു. അവർ കെട്ടഴിച്ചുകൊണ്ടിരുന്നപ്പോൾ റസ്കൽ നിക്കഫ് കോടാലിയെടുത്ത് അവരുടെ തലയിലടിച്ചു. ട്രൊട്സ്കിയെ വധിച്ചവൻ പൊതിക്കു പകരം പ്രബന്ധം കൊടുത്തു. അത്രേയുള്ള വ്യത്യാസം. സാഹിത്യ കൃതികൾ മനുഷ്യനെ നന്മയിലേക്കു മാത്രമല്ല, തിന്മയിലേക്കും നയിക്കുമെന്നു കാണിക്കാനാണ് ഇത്രയും എഴുതിയത്. ട്രൊട്സ്കിയെ വധിച്ച മനുഷ്യൻ "കുറ്റവും ശിക്ഷ"യും വായിച്ചിരിക്കുമെന്നതിൽ സംശയമില്ല. മാധവിക്കുട്ടിയുടെ "എന്റെ കഥ" വായിച്ചവരാണ് ആ രണ്ടു പെൺകുട്ടികളും.

ഇരുമ്പു ഗുളിക എവിടെ?

പതിനേഴാം ശതാബ്ദത്തിലെ വലിയ എഴുത്തുകാരനായിരുന്നല്ലോ ഫ്രാൻസിസ് ബേക്കൺ. ചില പുസ്തകങ്ങൾ രുചിച്ചു നോക്കേണ്ടവയും മറ്റു ചിലതു വിഴുങ്ങേണ്ടവയും വേറെ ചിലതു പതുക്കെ ദഹനക്രിയയ്ക്കു വിഷയമാക്കേണ്ടവയുമാണെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. മാനസിക ഭ്രംശം സംഭവിച്ച ഒരു സ്ത്രീ ഇത് അക്ഷരാർത്ഥത്തിലെടുത്ത് ദിവസവും ഓരോ 'പേപ്പർ ബാക്ക്' തിന്നു. ഒടുവിൽ ഇരുമ്പു ഗുളിക കഴിപ്പിച്ചാണ് ഡോക്ടർ അവളെ മരണത്തിൽ നിന്നു രക്ഷിച്ചത്. മനോരമ ആഴ്ചപ്പതിപ്പിൽ ചുമ്മാർ പൂയപ്പാടം എഴുതിയ "മനസ്സിൽ ഒരു ശവശരീരം" എന്ന ചെറുകഥ വായിക്കാൻ കൊള്ളുകയില്ല; ചവച്ചു തിന്നേണ്ടതാണത്. വിവാഹിതയായ ഒരു സ്ത്രീയുടെ വ്യഭിചാരം കണ്ട ഭർത്താവ് അതു മനസ്സിലാക്കിയിട്ടോ മനസ്സിലാക്കാതെയോ മേലധികാരികളെ കാണാൻ പോകുന്നു പോലും. സംസ്കാരസമ്പന്നനെ കാട്ടാളനായി കാണണമെങ്കിൽ ഭാര്യയെസ്സംബന്ധിച്ച് അയാൾക്കു ദുശ്ശങ്ക ജനിപ്പിച്ചാൽ മതി. പക്ഷേ, ഈ കഥയിലെ നായകൻ സംസ്കാരസമ്പന്നനായിത്തന്നെ നില്ക്കുന്നു. അയാൾ പുരുഷനല്ലയോ എന്നു നമുക്കു സംശയം. അതെന്തുമാകട്ടെ. ഞാൻ കഥ ചവച്ചരയ്ക്കാൻ ഭാവിക്കുകയാണ്. എവിടെ ഇരുമ്പു ഗുളിക?

മനുഷ്യന്റെ പുരോഗതിയിൽ എനിക്കു വിശ്വാസമുണ്ട്—മനുഷ്യൻ ഇന്നു കാട്ടാളനായി മാറിയിരിക്കുകയാണെങ്കിലും ശാസ്ത്രത്തിന്റെ പുരോഗതിയിലും ഞാൻ വിശ്വസിക്കുന്നു. പക്ഷേ, കലയുടെ, സാഹിത്യത്തിന്റെ പുരോഗതിയിൽ എങ്ങനെ വിശ്വസിക്കാനാണ്. ഹോമറിന്റെ ഇലിയഡിനെക്കാൾ വാല്മീകിയുടെ രാമായണത്തെക്കാൾ ഉത്കൃഷ്ടമായ കൃതി എവിടെ ഉണ്ടായിട്ടുണ്ട്? അരവിന്ദ ഘോഷ് പറയുന്ന Supreme poetic utterance-ൽ വാല്മീകിയെ ജയിച്ച മറ്റൊരു കവി എവിടെ? കലയിലെയും സാഹിത്യത്തിലെയും പുരോഗതി എന്ന ആശയം തികഞ്ഞ ബുദ്ധിശൂന്യതയാണെന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ടെനിക്ക്. അത്രയും ശക്തിയുള്ള വാക്കു പ്രയോഗിക്കുന്നതെങ്ങനെ?

വാർദ്ധക്യമാർന്ന വാക്കുകൾ

ഇന്നു ടെലിവിഷൻ സെറ്റ് ആർക്കും വാങ്ങിക്കാമെന്ന നിലയിൽ വില കുറഞ്ഞതായിട്ടുണ്ട്. എന്നാൽ അതാദ്യമായി പ്രചാരത്തിൽ വന്നപ്പോൾ സമ്പന്നനായ അമേരിക്കൻ പൗരനു പോലും വാങ്ങാൻ വയ്യാത്തവിധം വിലകൂടിയതായിരുന്നു. കാപട്യത്തെ കൂട്ടുപിടിച്ചു ജീവിക്കുന്ന അമേരിക്കക്കാരൻ വിടുമോ? ടെലിവിഷൻ സെറ്റ് വീട്ടിനകത്ത് ഇല്ലാതെതന്നെ അയാൾ വ്യോമതന്തു (ആന്റിന) കെട്ടിടത്തിന്റെ മുകളിൽ ഉറപ്പിച്ചു വയ്ക്കും (ഇതു കണ്ട ഡോക്ടർ കെ. ഭാസ്കരൻ നായർ എഴുതിയ ഒരു ലേഖനം വായിച്ച ഓർമ്മയിൽ നിന്ന്). നമ്മൾ പകിട്ടു കാണിക്കുന്നതു മുഴുവൻ ഈ മനോഭാവത്തോടു കൂടിയാണ്. ഒരുദാഹരണം റെഫ്രിജിറെയ്റ്റർ വാങ്ങുന്നതു തന്നെ. ഐസും തണുത്ത വെള്ളവും എപ്പോഴും ഉപയോഗിക്കുന്നവനു തൊണ്ടയ്ക്ക് അസുഖമുണ്ടാകുമെന്നതിൽ ഒരു സംശയവുമില്ല. ചിലർക്ക് 'ഇറിറ്റേഷൻ തീയറി ഓഫ് ക്യാൻസർ' അനുസരിച്ച് ക്യാൻസറുമുണ്ടാകും. (ശ്രീരാമകൃഷ്ണപരമഹംസനു് ഐസ്ക്രീമും കൂൾഡ്രിങ്കും വലിയ ഇഷ്ടമായിരുന്നു. എപ്പോഴും അവ ഉപയോഗിച്ച അദ്ദേഹത്തിനു തൊണ്ടയിൽ ക്യാൻസറുണ്ടായി.) സത്യമിതാണെങ്കിലും വീട്ടിൽ ഫ്രിജ്ജില്ലെങ്കിൽ ഗൃഹനായികയ്ക്ക് അസ്വസ്ഥതയാണ്. തന്നെ പുച്ഛിക്കുന്ന അയൽവീട്ടിലെ കല്യാണിക്കുട്ടിക്കു ഫ്രിജ്ജ് ഉണ്ട്. അതുകൊണ്ട് അവൾ പണം കടം വാങ്ങിച്ചെങ്കിലും റെഫ്രിജിറെയ്റ്റർ "സംഘടിപ്പിക്കുന്നു". കുറെ മീനെങ്കിലും വാങ്ങി അതിനകത്തു വയ്ക്കുന്നു. പിന്നെ നാലയലത്തുകൂടെ മനുഷ്യനു പോകാൻ വയ്യ. നാറ്റം.

റോഡിൽ വച്ച് എന്നെക്കണ്ടാൽ കാണാത്ത മട്ടിൽ പോകുന്ന ഒരു മാന്യൻ കാറ് വാങ്ങിച്ചു. അതിൽക്കയറി അദ്ദേഹം പോകുമ്പോൾ ഞാൻ ഫുട്പാത്തിലൂടെ നടക്കുകയായിരിക്കും. അദ്ദേഹം അതിനകത്തിരുന്ന് ആഹ്ലാദാതിരേകത്തോടെ കൈവീശും. നടന്നു പോകുമ്പോൾ മിണ്ടാട്ടമില്ലാത്ത മനുഷ്യന് കാറിൽ സഞ്ചരിക്കുമ്പോൾ ഈ ആഹ്ലാദമെങ്ങനെവന്നു? "ഞാൻ കാറ് വാങ്ങി. കണ്ടോ?" എന്നാണ് ആ കൈവീശലിന്റെ അർത്ഥം.

ആളുകളെ ഇംപ്രെസ്സ് ചെയ്യാൻ ഇതു പോലെ വാക്കുകൾ വാരിയെറിയുന്നവരുണ്ട്. അവരിൽപെട്ട ഒരെഴുത്തുകാരനാണ് ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്. അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ "മടക്കം" എന്ന മനസ്സിലാക്കാൻ പ്രയാസമുള്ള കഥയിൽ നിന്ന് ചില വാക്യങ്ങൾ: "കാലവർഷത്തിന്റെ സുഗന്ധം പ്രസരിക്കുന്ന അവളുടെ ഇരുണ്ട മുടിയുടെ മൃദുലത എന്റെ വിരൽത്തുമ്പുകളിൽ ഇപ്പോഴും തങ്ങിനില്ക്കുന്നതുപോലെ", "സമതലത്തിലെത്തിയ പുഴയുടെ ധൃതമല്ലാത്ത ഒഴുക്കിൽ പെട്ടെന്നരുത്തിരിയുന്ന നീർച്ചുഴി പോലെയുള്ള അവളുടെ നാഭിക്കരികെ ഒരു നീലഞരമ്പു ത്രസിക്കുന്നുണ്ട്". (ധൃതത്തിന് ധരിക്കപ്പെട്ട എന്നാണർത്ഥം. തിടുക്കം, വെമ്പൽ എന്ന അർത്ഥത്തിലാണെന്നു തോന്നുന്നു കഥാകാരൻ അതു പ്രയോഗിച്ചത്.) സ്യൂഡോപൊയറ്റിക്കായ കുറെ പദങ്ങളെടുത്തങ്ങു പെരുമാറിയാൽ സാഹിത്യമാകും എന്ന തെറ്റിദ്ധാരണയിൽപ്പെട്ടിരിക്കുകയാണ് ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്. ചെറുപ്പകാലത്തു സുന്ദരനായിരുന്നവൻ അറുപതു വയസ്സു കഴിഞ്ഞിട്ടും പണ്ടത്തെ കാമോത്സുകതയോടെ ചെറുപ്പക്കാരികളെ തുറിച്ചു നോക്കും. യൗവനകാലത്തു തിരിച്ചു കിട്ടിയിരുന്ന കടാക്ഷമാലകൾ അപ്പോൾ കിട്ടുകയില്ല. യുവതികൾ പുച്ഛിച്ചു തലവെട്ടിച്ചു പോകും. ഉണ്ണിക്കൃഷ്ണന്റെ ഈ 'വൃദ്ധപദക്ഷേപണ'ത്തിൽ സഹൃദയർക്കു പുച്ഛമേയുള്ളു.

ഉത്കൃഷ്ടങ്ങളായ ആശയങ്ങൾ ആവിഷ്കരിക്കുന്ന ഭാഷ എപ്പോഴും ലളിതമായിരിക്കും. "Workers of all Countries unite. You have nothing to lose but your chains. (സർവ്വരാജ്യതൊഴിലാളികളേ സംഘടിക്കുവിൻ. നിങ്ങൾക്കു നഷ്ടപ്പെടാൻ കൈച്ചങ്ങലകളല്ലാതെ മറ്റൊന്നുമില്ല.) Neither do I condemn thee. Go and sin no more. (ഞാനും നിന്നെ കുറ്റപ്പെടുത്തുന്നില്ല. പോകൂ. ഇനി പാപം ചെയ്യാതിരിക്കൂ.)

> "അന്തിമമാം മണമർപ്പിച്ചടിവാൻ മലർ
> കാക്കില്ലേ ഗന്ധവാഹനെ രഹസ്യമാർക്കറിയാവൂ".
> "ഒന്നിനുമില്ലനില, ഉന്നതമായ കുന്നുമെന്നല്ല-
> യാഴിയുമൊരിക്കൽ നശിക്കു-മോർത്താൽ".

ഫാമിലി പ്ലാനിങ്

വിജാതീയമായ വിവാഹബന്ധത്തിലേർപ്പെട്ട് വർഷം തോറും പ്രസവിച്ചു ദുഃഖമനുഭവിക്കുന്ന ഒരു സ്ത്രീയെ അവതരിപ്പിക്കാനാണ് സ്നേഹപ്രഭയുടെ ശ്രമം (കുങ്കുമം വാരിക, 'രണ്ടു സഹോദരികൾ'). അവർ ഗർഭച്ഛിദ്രം നടത്താൻ ഓപ്പറേഷൻ തിയേറ്ററിൽ പ്രവേശിക്കുമ്പോൾ കഥ പര്യവസാനത്തിലെത്തുന്നു. പത്താം തരം കല, പത്താം തരം കഥ. ബഹിർഭാഗസ്ഥമായ ചിത്രീകരണം. സർവ്വസാധാരണങ്ങളായ പ്രയോഗങ്ങൾ, ചിത്രങ്ങൾ, ഈ ആശയദാരിദ്ര്യവും ഭാവനാദാരിദ്ര്യവും വീട്ടുവേലക്കാരികൾക്ക് ഇഷ്ടമാകും. ഫാമിലി പ്ലാനിങ് അധികാരികൾക്ക് ഇക്കഥ അയച്ചു കൊടുത്താൽ സ്നേഹപ്രഭയ്ക്ക് സമ്മാനം കിട്ടും. കലയുടെ പ്രകാശം വീണ, ജീവിതം സ്പന്ദിക്കുന്ന ഒരു കഥയെങ്കിലും വായിക്കാൻ കഴിഞ്ഞെങ്കിൽ!

കുഞ്ഞുങ്ങൾക്ക് കളിപ്പാട്ടം വേണം. ചെറുപ്പക്കാരിക്ക് ചെറുപ്പക്കാരനെ വേണം. രാഷ്ട്രീയക്കാരന് അലറാൻ പ്ലാറ്റ്ഫോം വേണം. പാങ്ങില്ലാപ്പതിവ്രതയ്ക്ക് കുറ്റപ്പെടുത്താൻ ചെറുപ്പക്കാരികളെ വേണം. വിവരം കുറഞ്ഞ പെൺകുട്ടികൾക്ക് പൈങ്കിളിക്കഥകൾ എഴുതാൻ വാരികകൾ വേണം. ഇനി വേറൊരു വിധത്തിൽ പറയാം.

കുഞ്ഞുങ്ങൾക്കു വടികൊണ്ടുള്ള പ്രയോഗമാണു വേണ്ടത്. ചെറുപ്പക്കാരി പ്രേമലേഖനമെഴുതാൻ തുടങ്ങുന്നതിനുമുമ്പ് അവളെ കെട്ടിച്ചയയ്ക്കണം. രാഷ്ട്രീയക്കാരനു മൈക്ക് കൊടുക്കരുത്. പാങ്ങില്ലാപ്പതിവ്രതയോട് 'ചെറുപ്പകാലത്ത് നീയും ഇങ്ങനെയായിരുന്നെടീ' എന്നു പറയണം. പൈങ്കിളിക്കഥകൾ പത്രാധിപന്മാർ ചവറ്റുകുട്ടയിലെറിയണം.

ഒരു പടിഞ്ഞാറൻ നോവൽ

ബൊലൊന്യാ സർവ്വകലാശാലയിലെ (University of Bologna—ബൊലൊന്യാ വടക്കേ ഇറ്റലിയിലെ പട്ടണം.) സീമിയോട്ടിക്സ് പ്രൊഫസറായ ഊമ്പർട്ടോ എച്ചോ (Umberto Eco) എഴുതിയ The Name of the Rose എന്ന നോവൽ വിശ്വവിഖ്യാതമായിത്തീർന്നിരിക്കുന്നു. കോടിക്കണക്കിന് ആളുകൾ അതു വാങ്ങി വായിക്കുന്നു. മറ്റു ഭാഷകളിലേക്ക് അതു തർജ്ജമ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മുപ്പതു കൊല്ലത്തെ മനനത്തിനു ശേഷം രണ്ടരക്കൊല്ലം കൊണ്ട് എച്ചോ എഴുതിത്തീർത്ത ഈ നോവൽ മദ്ധ്യകാലഘട്ടത്തെക്കുറിച്ചുള്ളതാണ്. ചില സന്ന്യാസിമാർ വധിക്കപ്പെടുമ്പോൾ അതന്വേഷിക്കാൻ സെന്റ് ഫ്രാൻസിസ് പുണ്യാളന്റെ മതസിദ്ധാന്തത്തിൽപ്പെട്ട ഒരാൾ നിയോഗിക്കപ്പെടുന്നു. ആ അന്വേഷണം സീമിയോട്ടിക്സിലൂടെ—പ്രതിരൂപം, ആശയം, സിംബലിസം ഇവയുടെ പഠനത്തിലൂടെ—ദാർശനിക തലത്തിൽ എത്തുന്നതിന്റെ അന്യാദൃശാവസ്ഥയാണ് ഈ കലാശില്പം പ്രദാനം ചെയ്യുന്നത്. മധ്യകാലഘട്ടത്തെക്കുറിച്ചുള്ളതാണ് ഈ നോവലെങ്കിലും ഇതിനു സമകാലിക പ്രാധാന്യമുണ്ട്. റോമാസാമ്രാജ്യത്തെ തങ്ങളുടെ ആധിപത്യത്തിൽ കൊണ്ടുവരാൻ എവിന്യോങ്ങിലെ (Avignon) പോപ്പും മിലാനിലെ ചക്രവർത്തിയും ശ്രമിക്കുന്നു. ഈ സംഘട്ടനത്തിൽ അമേരിക്കയുടെയും റഷ്യയുടെയും ആധുനിക സംഘട്ടനത്തിൽ നിന്നുണ്ടാകുന്ന സ്ഫുലിംഗങ്ങൾ ദർശിക്കാം. ഗ്രന്ഥകാരൻ പറയുന്നു: "Early Christians experienced the fall of the Roman Empire and all that went with it. At the end of the first millennium they expected the destruction of the wicked world to precede the returning Christ. Today we live in a dread of nuclear war". ഭൂതകാലത്തിന്റെയും നവീനകാലത്തിന്റെയും സംയോജനമാണ് ഈ നോവലിന്റെ സവിശേഷത.



നോവലിലെ പ്രധാനപ്പെട്ട കഥാപാത്രം ഒരിടത്തു പ്രസ്താവിക്കുന്നു: "But why does the needle always point north? The stone attracts iron..." സഹൃദയനെന്ന അയസ്കാന്തം ഉത്തരദിക്കിലിരിക്കുന്ന ഈ കലാശില്പത്തിലേക്ക് എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നു. "ഞാൻ ആഹ്ലാദിക്കുന്നു; വിദ്യാസമ്പന്നമായ ശേഷം ലോകവും ആഹ്ലാദിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു" എന്ന് മഹായശസ്കനായ ആന്തണി ബർജ്ജിസ് പ്രശംസിച്ച ഈ നോവലിലേക്ക് ഞാൻ വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിക്കട്ടെ.

കൃഷ്ണാ, ഭഗവാനേ രക്ഷിക്കൂ

കുമാരി വാരികയുടെ പുറന്താളിൽ സൂര്യയുടെ ചിത്രം. ദീപിക ആഴ്ചപ്പതിപ്പിന്റെ പുറന്താളിൽ ശ്രീവിദ്യയുടെ ചിത്രം. രണ്ടുപേരും ചലച്ചിത്രതാരങ്ങൾ; സുന്ദരികൾ. പക്ഷേ, സൂര്യയുടെ ചിത്രം വിരൂപം. ശ്രീവിദ്യയുടെ ചിത്രം മനോഹരവും. അച്ചടിയിൽ വന്ന തകരാറു കൊണ്ടല്ല സുന്ദരിയായ സൂര്യ വൈരൂപ്യമുള്ളവളായത്. ഏതു സുന്ദരിയും ചില 'പോസിൽ' വൈരൂപ്യമുള്ളവളായി തോന്നും. സൂര്യയുടെ പോസാണ് അവരെ ഇമ്മട്ടിലാക്കിയത്. സ്പാനിഷ് സറീയലിസ്റ്റ് കവി ലൂയിസ് തേർനൂദാ (Luis Cernuda) പറഞ്ഞിട്ടുണ്ട് 'സുന്ദരമായതേതിനും അതിന്റേതായ നിമിഷമുണ്ട്; എന്നിട്ട് അതു മാഞ്ഞു പോകുമെന്ന്.' (Everything beautiful has its moment and then passes away.) ശരിയാണ്. ശ്രീവിദ്യയുടെയും സൂര്യയുടെയും സൗന്ദര്യം മാഞ്ഞുപോകും. പക്ഷേ, ഇന്ന് അവർ സുന്ദരികൾ. ഒരു സുന്ദരിയെ അസുന്ദരിയാക്കിയിരിക്കുന്നു അവരുടെ പ്രത്യേകമായ പോസ്. അതങ്ങനെയാണ്. ഇരിക്കുന്ന സുന്ദരി നടക്കുന്ന സുന്ദരിയല്ല (Sitting beauties are not always walking beauties—യൂഗോയുടെ "പാവങ്ങൾ" വായിച്ച ഓർമ്മയിൽനിന്ന്). ഏതു സുന്ദരിയും ഓടുമ്പോൾ വൈരൂപ്യത്തിന്റെ പ്രതിരൂപം. (സുന്ദരികൾ ബസ്സ് വന്നു നില്ക്കുമ്പോൾ ഓടിച്ചെല്ലരുത് അതിൽ കയറാൻ. ചില ഡ്രൈവർമാർ ഓടിക്കുമവരെ. എങ്കിലും ഓടരുത്.) ഏതു സുന്ദരിയും പരിപൂർണ്ണമായി നഗ്നയാകുമ്പോൾ അതിസുന്ദരി. (നിയമം പിടികൂടിയില്ലെങ്കിൽ ഇങ്ങനെ പലരും അതിസുന്ദരികളായി മാറും എന്ന അനുമാനത്തിലെത്താൻ ചിലരുടെ ഭുജകോടരപ്രദർശനവും നാഭ്യാവർത്തപ്രദർശനവും നമ്മെ സഹായിക്കുന്നുണ്ട്.) സത്യം ഇതാണെങ്കിലും ഉണ്ണി വാരിയത്തിന്റെ കഥാംഗന എത്ര നഗ്നയായാലും സുന്ദരിയാവുകയില്ല. പൊക്കം കുറഞ്ഞവനും കുടവയറുള്ളവനുമായ ഭർത്താവിനെ ഭാര്യയ്ക്കു വെറുപ്പ്. അടുത്ത വീട്ടിലെ ചെറുപ്പക്കാരൻ കാലത്ത് കായികാഭ്യാസം നടത്തുന്നതു കണ്ട് അവളുടെ കാമമിളകി. അവർ ഒരുമിച്ചുകൂടി. രതിലീലകളാടി. ഭർത്താവിനെ ഉപേക്ഷിക്കാൻ താൻ തയ്യാറല്ലെന്ന അവൾ പറഞ്ഞപ്പോൾ അയാൾ പിണങ്ങി. പിണങ്ങിപ്പിരിഞ്ഞപ്പോഴാണ് ഭർത്താവ് അവരുടെ വേഴ്ച കണ്ടുപിടിച്ചത്. കലാകാരൻ കലയുടെ വസ്ത്രമഴിക്കുകയല്ല വേണ്ടത്. അവളെ സാരിയുടുപ്പിക്കണം. കലാംഗന സാരിയുടുത്തു നില്ക്കുമ്പോഴാണു സുന്ദരി. ഉണ്ണി വാരിയത്ത് വളരെക്കാലമായി വസ്ത്രാക്ഷേപം നടത്തുന്നു. അവൾ കേഴുന്നതൊട്ടു ശ്രീകൃഷ്ണൻ കേൾക്കുന്നതുമില്ല.

> സുന്ദരമായതേതിനും അതിന്റേതായ നിമിഷമുണ്ട്; എന്നിട്ട് അതു മാഞ്ഞു പോകും—ലൂയിസ് തേർനൂദാ.

ലൈംഗിക വർണ്ണനകൾ വായിച്ചേ തീരൂ എന്നുണ്ടോ? എങ്കിൽ "വാൾട്ട"റുടെ My Secret Life എന്ന പുസ്തകം വായിച്ചാൽ മതി. അതൊരാത്മകഥയാണ്. ഞാനതിന്റെ ഒരു സംഗ്രഹമേവായിച്ചിട്ടുള്ളു. My Secret Life, Panther, Edited with an introduction by Gordon Grimley—ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ പ്രസാധനം പതിനൊന്നു വാല്യങ്ങളായിട്ടാണ്. ഒരു പ്രതിക്ക് ഏഴായിരം ഡോളർ കൊടുത്താണ് ആളുകൾ വാങ്ങിയത്.

പോർനൊഗ്രഫിയിലും പോർനൊഗ്രഫിക് നോവലുകളിലും ഈ ലേഖകന് താല്പര്യമില്ല. പ്രായക്കൂടുതൽ കൊണ്ട് ഗ്രന്ഥികൾക്കു ദൗർബല്യം സംഭവിക്കുമ്പോൾ സെക്സിലുള്ള കൗതുകം കുറയും എല്ലാവർക്കും. താല്പര്യമില്ലെങ്കിലും ഇത്തരം ഗ്രന്ഥങ്ങൾ നല്കുന്ന അറിവിനെ ലക്ഷ്യമാക്കി ഞാൻ ഇവ വായിക്കാറുണ്ട്. ലൈംഗിക പ്രവർത്തനങ്ങൾ, അവ ജനിപ്പിക്കുന്ന ആഹ്ലാദം ഇവയെയെല്ലാം അന്യാദൃശമായി ചിത്രീകരിക്കുന്ന ആത്മകഥയാണ് ഈ ഗ്രന്ഥം. വാൾട്ടർ എന്നതു തൂലികാനാമമത്രേ.

ആഷർ

എഡിൻബറ സർവകലാശാലയിലെ (എഡ്ഡൻബറ എന്നും, എഡിൻബറോ എന്ന ഉച്ചാരണം English Pronouncing Dictionary-യിൽ കാണുന്നില്ല) ലിങ്ഗ്വിസ്റ്റിക്സ് പ്രൊഫസ്സറായ ആർ. ഇ. ആഷർ കേരളത്തിലെ ഇന്റെലെക്ച്വൽസിന്റെ ഇടയ്ക്ക് പ്രമാണിയായി ഭവിച്ചിരിക്കുന്നു. ഈ ആഴ്ചത്തെ മാതൃഭൂമി വാരികയിലും കലാകൗമുദിയിലും അദ്ദേഹത്തെക്കുറിച്ചു ലേഖനങ്ങളുണ്ട്.


Charles Lamb

കേരളത്തിലെ സാഹിത്യകാരന്മാരുടെ കൃതികൾ കണ്ട് അദ്ഭുതപരവശനാകുന്ന ആളാണ് ആഷർ. അത്രയ്ക്ക് അദ്ദേഹം പരവശനാകേണ്ടതുണ്ടോ? ഇംഗ്ലീഷ് സാഹിത്യം പഠിച്ച ആഷർക്ക് അദ്ഭുതവികാരം ഉളവാക്കത്തക്കതായി മലയാളത്തിൽ ഒരു നോവലില്ല, ചെറുകഥയില്ല, ഉപന്യാസമില്ല. സംശയമുണ്ടെങ്കിൽ Charles Lamb-ന്റെ Dream Children വായിച്ചു നോക്കൂ. മലയാളസാഹിത്യം മുഴുവനും ത്രാസ്സിന്റെ ഒരു തട്ടിലിട്ടു മറ്റേത്തട്ടിൽ ലാംബിന്റെ ഉപന്യാസവും ഇട്ടു. ഇംഗ്ലീഷുപന്യാസം കിടക്കുന്ന തട്ടു താണുകിടക്കുകയേയുള്ളു. സത്യമിതായതുകൊണ്ട് രണ്ട് അനുമാനങ്ങൾക്കേ മാർഗ്ഗമുള്ളു. 1. സാഹിത്യത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ ആഷർ അപ്രഗല്ഭനാണ്. 2. കേരളത്തിൽ വന്നെത്തിയ ആഷർ ഇവിടെയുള്ള സാഹിത്യകാരന്മാരെ സന്തോഷിപ്പിക്കാനായി ഇല്ലാത്തതു പറയുന്നു. ഈ രണ്ടിൽ ഏതാണു ശരിയെന്ന് എനിക്കു നിർണ്ണയിക്കാൻ വയ്യ. പക്ഷേ, ഏതെങ്കിലും ഒന്നു ശരിയായേ പറ്റൂ.

'മനുഷ്യൻ എങ്ങനെയായാലും വേണ്ടില്ല, ഉള്ളിലുള്ളതു പ്രകാശിപ്പിച്ചേ മതിയാവൂ' എന്ന അർത്ഥത്തിൽ 'ഒഥല്ലോ' നാടകത്തിൽ ഒരു വാക്യമുള്ളത് ഇപ്പോൾ ഓർമ്മിക്കുന്നു. മാർക്കസ് ഒറീലിയസിന്റെ Meditations എന്ന പോലെ ഈ ലേഖകൻ പതിവായി വായിക്കുന്ന ഗ്രന്ഥമാണ് എപിക്റ്റീറ്റസിന്റെ Discourses എന്ന ഗ്രന്ഥം. അതിലൊരു ഭാഗം: റോമാ ചക്രവർത്തിയായിരുന്ന വെസ്പേഷ്യൻ (Vespasian, AD 9–79) സെനറ്റർ ഹെൽവിഡിയസിനോട് ആജ്ഞാപിച്ചു സെനറ്റിൽ വരാൻ പാടില്ലെന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ സെനറ്ററായിരിക്കാൻ പാടില്ലെന്ന് അങ്ങയ്ക്കു കല്പിക്കാം. പക്ഷേ, സെനറ്ററായിരിക്കുന്ന കാലത്തോളം എനിക്ക് അകത്തോട്ടു വന്നേ തീരൂ".

"എന്നാൽ വരൂ. വന്നു മിണ്ടാതിരിക്കൂ." എന്നു ചക്രവർത്തി.

"ചോദ്യം ചോദിക്കാതിരിക്കൂ. എന്നാൽ ഞാൻ മിണ്ടാതിരിക്കാം".

"പക്ഷേ, എനിക്കു നിങ്ങളോടു ചോദ്യം ചോദിച്ചേ തീരൂ".

"അപ്പോൾ എനിക്കു ശരിയെന്നു തോന്നുന്നത് ഞാൻ പറയുക തന്നെ ചെയ്യും".

"നിങ്ങളതു പറഞ്ഞാൽ ഞാൻ നിങ്ങളെ കൊല്ലും".

"മരണമില്ലാത്തവനാണു ഞാനെന്ന് എപ്പോഴാണ് ഞാൻ അങ്ങയെ അറിയിച്ചത്? അങ്ങ് ചെയ്യേണ്ടതു് അങ്ങു ചെയ്യും. ഞാൻ എനിക്കു ചെയ്യേണ്ടതും. കൊല്ലുക എന്നതു് അങ്ങയുടെ കൃത്യം, പേടി കൂടാതെ മരിക്കുക എന്നതു് എന്റെ കൃത്യം. എന്നെ ബഹിഷ്കരിക്കുക എന്നതു് അങ്ങയുടേതു്. വിലപിക്കാതെ വിദേശത്ത് പോകുക എന്നതു് എന്റേതും."

ഈ ഹെൽവിഡിയസാണ് അഭിജാതൻ, അഭിമാനി. അദ്ദേഹം തന്റെ സ്വഭാവത്തിനു യോജിച്ച വിധത്തിൽ സംസാരിച്ചു. ആഷർക്കു മാത്രമല്ല ഞാനുൾപ്പെടെയുള്ള എല്ലാവർക്കും ഉണ്ടായിരിക്കേണ്ട ഗുണമാണിത്.

തോളെവിടെ അവസാനിക്കുന്നു, മുല എവിടെ തുടങ്ങുന്നു എന്നു കാഴ്ചക്കാർക്ക് നിർണ്ണയിക്കാനാവാത്ത ചില പെണ്ണുങ്ങളുണ്ട്. അസത്യം എവിടെ അവസാനിക്കുന്നു സത്യം എവിടെ ആരംഭിക്കുന്നു എന്നു തീരുമാനിക്കാൻ വയ്യാത്ത നിരൂപകരുമുണ്ട്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.